# Desabhimani

# 19 July 2018

# Tiruvananthapuram, After Flood, Relief Fund

# ദുരിതാശ്വാസത്തിന് 113 കോടി

**സ്വന്തം ലേഖകൻ**

**തിരുവനന്തപുരം**

മഴക്കെടുതിയിൽ ദുരിതമനുഭവിക്കുന്നവർക്കുള്ള ആശ്വാസ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ 113.19 കോടി രൂപ അനുവദിച്ചു. ദുരന്തപ്രതികരണ നിധിയിൽനിന്നുള്ള തുക അടിയന്തരമായി വിതരണം ചെയ്യാൻ കലക്ടർമാർക്ക് നിർദേശം നൽകി. അടിയന്തരസാഹചര്യം നേരിടാൻ ദേശീയ ദുരന്തപ്രതികരണ സേനയുടെ രണ്ട് സംഘത്തെക്കൂടി കേരളത്തിലേക്ക് അയക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മന്ത്രി ഇ ചന്ദ്രശേഖരൻ അറിയിച്ചു.

വീടുകൾ പൂർണമായോ ഭാഗികമായോ നശിച്ചവർക്ക് നൽകുന്ന ധനസഹായം നാലുലക്ഷമായി വർധിപ്പിച്ചു. പ്രളയത്തിൽപ്പെട്ട് വീട് ഇരുന്ന ഭൂമി ഒഴുകിപ്പോകുകയും സ്വന്തമായി വേറെ ഭൂമി ഇല്ലാതിരിക്കുകയോ ഉള്ളസ്ഥലം വീടുവയ്ക്കാൻ യോഗ്യമല്ലെങ്കിലോ വേറെ സ്ഥലം വാങ്ങാൻ പ്രമാണത്തിൽ ഉള്ള തുക (പരമാവധി ആറുലക്ഷം) അനുവദിക്കും. ദുരന്തബാധിതരുടെ വീട് തകർന്നാൽ അതേസ്ഥലത്ത് വീട് പുനർനിർമിക്കാൻ തദ്ദേശസ്ഥാപനം ഒരുദിവസത്തിനുള്ളിൽ അനുമതി നൽകാനും മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ചയിൽ തീരുമാനമെടുത്തതായും മന്ത്രി പറഞ്ഞു.

| ജില്ലകൾക്ക് അനുവദിച്ച തുക (കോടിയിൽ) | | | |
|---|---|---|---|
| തിരുവനന്തപുരം | 9.91 | തൃശ്ശൂർ | 2.96 |
| കൊല്ലം | 5.06 | പാലക്കാട് | 9.57 |
| പത്തനംതിട്ട | 4.06 | മലപ്പുറം | 26.37 |
| ആലപ്പുഴ | 10.31 | കോഴിക്കോട് | 5.88 |
| കോട്ടയം | 13.77 | വയനാട് | 3.18 |
| ഇടുക്കി | 3.25 | കണ്ണൂർ | 7.75 |
| എറണാകുളം | 5.59 | കാസർകോട് | 5.86 |

മെയ് മുതൽ ജൂലൈ വരെ മഴക്കെടുതിയിൽ സംസ്ഥാനത്ത് 90 പേർ മരിച്ചു. 339 വീട് തകർന്നു. 8769 വീടിന് കേടുപാടുണ്ടായി. 8802 ഹെക്ടർ സ്ഥലത്ത് കൃഷി നശിച്ചു. കഴിഞ്ഞ 24 മണിക്കൂറിൽ സംസ്ഥാനത്ത് 229 ക്യാമ്പ് തുറന്നു. 27721 പേരാണ് ഇപ്പോൾ വിവിധ ക്യാമ്പുകളിലുള്ളത്. ദേശീയ ദുരന്തപ്രതികരണ സേനയുടെ രണ്ട് ടീമുകൾ കോട്ടയത്തും ആലപ്പുഴയിലുമായി ഇപ്പോഴും സേവനനിരതരാണ്. സേനയുടെ ദക്ഷിണ കേന്ദ്രം മേധാവി വ്യാഴാഴ്ച കേരളത്തിൽ എത്തും. സേനയുടെ നാല് സംഘം ഏതുസമയത്തും സേവനത്തിന് സജ്ജമായിട്ടുണ്ട്.

## 9 മരണം കൂടി

**തിരുവനന്തപുരം**

നാലുദിവസമായി തുടരുന്ന മഴയുടെ ദുരിതം ഒടുങ്ങുന്നില്ല. ബുധനാഴ്ചമാത്രം ഒമ്പതുപേർ മരിച്ചു. ആലപ്പുഴയിലും കണ്ണൂരിലും കാസർകോട്ടും രണ്ടുവീതം മരണമുണ്ടായി. ആലപ്പുഴ കുട്ടനാട് തലവടി തെക്കേക്കര കറുകപ്പറമ്പിൽ വർഗീസ് ഈപ്പൻ (71), ആലപ്പുഴ കനാൽ വാർഡ് സന്ധ്യാഭവനിൽ ഗോപകുമാർ (31) എന്നിവരാണ് മരിച്ചത്. ശബരിമല ദർശനത്തിനുപോയ ഗോപകുമാർ പമ്പ ത്രിവേണിയിൽ ഒഴുക്കിൽപ്പെട്ടാണ് മരിച്ചത്.

കണ്ണൂർ തളിപ്പറമ്പ് ഒഴക്രോം ക്ഷേത്രക്കുളത്തിൽ വീണ് വിദ്യാർഥി മുങ്ങിമരിച്ചു. പെരിങ്ങോം അരവഞ്ചാലിലെ ചെറുവത്തൂർ വീട്ടിൽ രമേശന്റെയും വടക്കേ വീട്ടിൽ ഷീബയുടെയും മകൻ അതുലാ (14)ണ് മരിച്ചത്. ആലക്കോട് പുല്ല് പറിക്കാൻ പോയ വീട്ടമ്മ കാപ്പിമല ഫർലോങ്ങരയിലെ ചക്കാലയ്ക്കൽ എൽസമ്മ (47) ചാലിൽ വീണ് മരിച്ചു. കാഞ്ഞങ്ങാട് വെള്ളിക്കോത്ത് അടോട്ട് വേണുഗോപാൽ(54), പുല്ലൂർ പെരളത്തെ വെള്ളച്ചി (60) എന്നിവരാണ് കാസർകോട് ജില്ലയിൽ മരിച്ചത്. തൃശൂർ പുല്ലഴി വടക്കുമുറി കനാലിൽ ഒഴുക്കിൽപ്പെട്ട് കാണാതായ എൻജിനിയറുടെ മൃതദേഹം കണ്ടെത്തി. ഷൊർണൂർ മഞ്ഞക്കാട് കുന്നത്ത് ബാലചന്ദ്രന്റെ മകൻ ബിജോയി (24)യാണ് ചൊവ്വാഴ്ച ഒഴുക്കിൽപ്പെട്ടത്.

കോട്ടയം കുമാരനല്ലൂരിൽ വീട്ടിലേക്ക് വെള്ളക്കെട്ടിലൂടെ നീന്തിപ്പോവുകയായിരുന്ന കൊച്ചാലുംമൂട് കരിയമ്പാടം മറ്റത്തിൽ രാജേന്ദ്രൻ നായർ (രാജു-55) മുങ്ങിമരിച്ചു. വീടിനുമുകളിൽ മരം വീണ് ഗുരുതരമായി പരിക്കേറ്റ വൈക്കം ചെമ്മനത്തുകര കിഴക്കേ പുത്തൻതറയിൽ ഷിബു (46) ചികിത്സയിലിരിക്കെ മരിച്ചു.

മുണ്ടക്കയം കല്ലേപ്പാലത്തുനിന്ന് ഒഴുക്കിൽപ്പെട്ട രണ്ട് അടൂർ സ്വദേശികളെ ഇനിയും കണ്ടെത്തിയിട്ടില്ല. മലപ്പുറത്ത് പൊന്നാനി മുനമ്പം തുറമുഖത്ത് ബുധനാഴ്ച അജ്ഞാത മൃതദേഹമടിഞ്ഞു.

## തീവ്രത കുറയുന്നു

**തിരുവനന്തപുരം**

നാലുദിവസമായി തുടരുന്ന മഴയുടെ കരുത്തു കുറഞ്ഞു തുടങ്ങി. ശനിയാഴ്ച രാവിലെവരെകൂടി കേരളത്തിലും ലക്ഷദ്വീപിലും പരക്കെ മഴ ലഭിക്കും. കേരള ലക്ഷദ്വീപ് തീരങ്ങളിൽ പടിഞ്ഞാറൻ കാറ്റിന്റെ വേഗത 35 മുതൽ 45 കിലോമീറ്റർവരെയായേക്കും. ബുധനാഴ്ച വടകരയിലാണ് ഏറ്റവും കൂടുതൽ മഴ- 15.1 സെന്റീമീറ്റർ. കൊയിലാണ്ടിയിൽ 12.7 ഉം കോഴിക്കോട്ട് 10.4 ഉം കൊടുങ്ങല്ലൂരിൽ 11.4 ഉം ആലുവയിൽ 8.7 ഉം പെരുമ്പാവൂരിൽ 10.6 ഉം കൊച്ചിയിൽ 10.1 ഉം ഹോസ്ദുർഗിൽ 2.20 ഉം തളിപ്പറമ്പിൽ 6.3 ഉം തലശേരിയിൽ 8.7 ഉം മാനന്തവാടിയിൽ 5.2 ഉം പൊന്നാനിയിൽ 9.3 ഉം മഞ്ചേരിയിൽ 7 ഉം ഒറ്റപ്പാലത്ത് 6.9 ഉം കുമരകത്ത് 5.8ഉം വൈക്കത്ത് 9 ഉം ഇടുക്കിയിൽ 6.9 ഉം പീരുമേട്ടിൽ 8.5 ഉം മൂന്നാറിൽ 9.1 ഉം കോന്നിയിൽ 2.7 ഉം കൊല്ലത്ത് 3.8 ഉം സെന്റീമീറ്റർ മഴ പെയ്തു.

## ട്രെയിനുകൾ റദ്ദാക്കി

**പാലക്കാട്**

കനത്ത മഴയിൽ കോട്ടയം ജില്ലയിലെ റെയിൽവേ സ്റ്റേഷനുകൾ വെള്ളക്കെട്ടിലായതിനാൽ തിരുവനന്തപുരത്തുനിന്നുള്ള ട്രെയിനുകൾ റദ്ദാക്കി. ഇതിനു പുറമെ തിരുവനന്തപുരം, പാലക്കാട് ഡിവിഷനു കീഴിലും ബുധനാഴ്ച ഏതാനും ട്രെയിനുകൾ റദ്ദാക്കി. തിരുനൽവേലി- പാലക്കാട് പാലരുവി എക്സ്പ്രസ്, പാലക്കാട് - തിരുനെൽവേലി പാലരുവി, എറണാകുളം- കോട്ടയം പാസഞ്ചർ, കോട്ടയം - എറണാകുളം പാസഞ്ചർ, കോട്ടയം വഴി പോകുന്ന എറണാകുളം- കായംകുളം പാസഞ്ചർ, കൊല്ലം -എറണാകുളം മെമു, ഗുരുവായൂർ-പുനലൂർ പാസഞ്ചർ എന്നിവയാണ് പൂർണമായും റദ്ദാക്കിയത്.